Weekly Thoughts of November

Week-3

The Path That Shifted Loss To Gain

നഷ്ടം നന്മയാക്കിയ വഴി

വ്യാവസായിക വിപ്ലവത്തിന്റെ കാലത്ത് ജാം ഉൽപ്പാദിപ്പിക്കുന്ന ഒരു കമ്പനിയിൽ എഞ്ചിനീയറായി ജോലി ചെയ്തിരുന്ന ആളായിരുന്നു ഫ്രഡി. 'ശബ്ബത്ത് നാളിനെ ശുദ്ധീകരിപ്പാൻ ഓർക്കുക' എന്ന ദൈവകല്പന കൃത്യമായി അനുസരിക്കുന്ന ഫ്രഡിയോട് ഞായറാഴ്ചയും ജോലിചെയ്യണമെന്ന് ഫാക്ടറി ഉടമ ആവശ്യപ്പെട്ടു. വിശുദ്ധദിവസം ജോലി ചെയ്യുകയില്ലന്ന ഫ്രഡിയുടെ തീരുമാനം അവന്റെ ജോലി നഷ്ടപ്പെടുവാൻ കാരണമായി. ആ ഞായറാഴ്ച ആരാധനാസമയത്ത് ഫ്രഡിയുടെ കുഞ്ഞ് നിർത്താതെ കരയുവാൻ തുടങ്ങി, കുഞ്ഞിനെ ആശ്വസിപ്പിക്കുമ്പോൾ ഫ്രഡി കരയുന്നതിന്റെ കാരണവും കണ്ടെത്തി. കുഞ്ഞിന്റെ ഉടുപ്പിൽ

കുത്തിയ മൊട്ടു സൂചിയാണ് അതിന് കാരണമെന്ന് മനസ്സിലാക്കി. അത് ഊരിമാറ്റുകയും കുഞ്ഞ് കരച്ചിൽ നിർത്തുകയും ചെയ്തു. "നിങ്ങൾ വലിയ എഞ്ചിനീയറായിട്ടും ഇതിലും സുരക്ഷിതമായിട്ടുള്ള ഒന്ന് കണ്ടുപിടിക്കുവാൻ നിങ്ങൾക്ക് ശ്രമിക്കരുതോ" എന്ന ഭാര്യയുടെ ചോദ്യം അവന്റെ ചിന്താമണ്ഡലത്തെ ജ്വലിപ്പിച്ചതിനാൽ, ദൈവകൃപയാൽ സുരക്ഷിതമായ ഒരു 'പിൻ' അവൻ കണ്ടെത്തി. അന്ന് രൂപകല്പന ചെയ്ത 'സേഫ്റ്റിപിൻ' ഇന്നും വിപണിയിൽ നിലനിൽക്കുന്നു. ദൈവത്തെ അനുസരിക്കുന്നവന് ഒരു നന്മയ്ക്കും മുടക്കം വരുകയില്ല. സുരക്ഷിതമായ ഒരു പുതിയജീവിതം ഫ്രഡിയ്ക്കായി ദൈവം ഒരുക്കി.

ദെമസ്ക്കോസിന്റെ പടിവാതിൽക്കൽ വച്ച് ശൗലേ, ശൗലേ നീ എന്നെ ഉപദ്രവിക്കുന്നതെന്ത് എന്ന ചോദ്യമാണ് ശൗലിനെ പൗലോസാക്കിമാറ്റിയതും ക്രിസ്തുവിലേക്കടുപ്പിച്ചതും ആർക്കുവേണ്ടി പ്രവർത്തിച്ചോ, അവരുടെ മുൻപിൽ തന്നെ ശ്കതമായി യേശു തന്നെ ക്രിസ്തു എന്ന് തെളിയിച്ചു. അവൻ ദൈവപുത്രനെന്ന് പള്ളികളിൽ പ്രസംഗിച്ചു. അതുമൂലം പല കഷ്ടങ്ങളും നഷ്ടങ്ങളും ഉണ്ടായി. റോമിലേക്കുള്ള യാത്രയിൽ കപ്പൽഛേദം ഉണ്ടാകുമെന്ന് ഭയക്കത്തക്കവിധം കാറ്റ്



പ്രതികുലമായി, എല്ലാം തകർന്ന് എന്ന് കരുതി നിരാശയിലാണ്ട സഹയാത്രികരോട് താൻ സേവിക്കുന്ന ദൈവം തന്നോട് സംസാരിച്ചു എന്ന് പറയുവാൻ ധൈര്യം ലഭിച്ചു. കപ്പൽ തകരും എന്നാൽ ആരുടെയും ജീവന് ഒന്നും സംഭവിക്കുകയില്ല എന്ന് പൗലോസ് പറഞ്ഞതുതന്നെ സംഭവിച്ചു. പൗലോസിന്റെ കരങ്ങളാൽ ദ്വീപുപ്രമാണിയായ പുബ്ളിയോസിനും മറ്റ് പലർക്കും ദൈവം സൗഖ്യം നൽകി. അതിനാൽ മടക്കയാത്രയിൽ ദ്വീപുവാസികൾ ഇവർക്ക് അനേക സമ്മാനങ്ങൾ നൽകി. കപ്പൽ ഛേദം മൂലമുണ്ടായ നഷ്ടം ദൈവം ലാഭമാക്കി. നമ്മുടെ താല്ക്കാലിക നഷ്ടത്തെ ലാഭമാക്കുന്നവനാണ് ക്രിസ്തു, അവൻ നമ്മെ നടത്തും. അവനിൽ തന്നെ ആശ്രയിക്കുക.

"Feel God in every gentle touch,
See God in every happy face ,
Hear God in every caring word,
Receive God's blessings every day in your life"

Motivational words of wisdom.com

പ്രാർത്ഥന

യഹോവേ ! നിന്നെ അന്വേഷിക്കുന്നവരെ നീ ഉപക്ഷിക്കുകയില്ല എന്ന് തന്ന വാഗ്ദത്തത്തിനായി സ്തോത്രം. ലോകം തരുന്ന പദവികളാൽ ലഭിക്കുന്ന നന്മകളേക്കാൾ, അത്യത്തമായി സകലത്തിലും അനുഗ്രഹിക്കുന്ന അങ്ങയെ അനുസരിച്ച് ജീവിപ്പാൻ കൃപ ചെയ്യേണമേ.

ആമേൻ .

Santhamma Varghese

Website: www.biblestudy.co.in

Email: biblestudy.co.in@gmail.com

Facebook: https://www.facebook.com/biblestudyind

Weekly Thoughts of November

Week-3

The Path That Shifted Loss To Gain

നഷ്ടം നന്മയാക്കിയ വഴി

വ്യാവസായിക വിപ്ലവത്തിന്റെ കാലത്ത് ജാം ഉൽപ്പാദിപ്പിക്കുന്ന ഒരു കമ്പനിയിൽ എഞ്ചിനീയറായി ജോലി ചെയ്തിരുന്ന ആളായിരുന്നു ഫ്രഡി. 'ശബ്ബത്ത് നാളിനെ ശുദ്ധീകരിപ്പാൻ ഓർക്കുക' എന്ന ദൈവകല്പന കൃത്യമായി അനുസരിക്കുന്ന ഫ്രഡിയോട് ഞായറാഴ്ചയും ജോലിചെയ്യണമെന്ന് ഫാക്ടറി ഉടമ ആവശ്യപ്പെട്ടു. വിശുദ്ധദിവസം ജോലി ചെയ്യുകയില്ലന്ന ഫ്രഡിയുടെ തീരുമാനം അവന്റെ ജോലി നഷ്ടപ്പെടുവാൻ കാരണമായി. ആ ഞായറാഴ്ച ആരാധനാസമയത്ത് ഫ്രഡിയുടെ കുഞ്ഞ് നിർത്താതെ കരയുവാൻ തുടങ്ങി, കുഞ്ഞിനെ ആശ്വസിപ്പിക്കുമ്പോൾ ഫ്രഡി കരയുന്നതിന്റെ കാരണവും കണ്ടെത്തി. കുഞ്ഞിന്റെ ഉടുപ്പിൽ

കുത്തിയ മൊട്ടു സൂചിയാണ് അതിന് കാരണമെന്ന് മനസ്സിലാക്കി. അത് ഊരിമാറ്റുകയും കുഞ്ഞ് കരച്ചിൽ നിർത്തുകയും ചെയ്തു. "നിങ്ങൾ വലിയ എഞ്ചിനീയറായിട്ടും ഇതിലും സുരക്ഷിതമായിട്ടുള്ള ഒന്ന് കണ്ടുപിടിക്കുവാൻ നിങ്ങൾക്ക് ശ്രമിക്കരുതോ" എന്ന ഭാര്യയുടെ ചോദ്യം അവന്റെ ചിന്താമണ്ഡലത്തെ ജ്വലിപ്പിച്ചതിനാൽ, ദൈവകൃപയാൽ സുരക്ഷിതമായ ഒരു 'പിൻ' അവൻ കണ്ടെത്തി. അന്ന് രൂപകല്പന ചെയ്ത 'സേഫ്റ്റിപിൻ' ഇന്നും വിപണിയിൽ നിലനിൽക്കുന്നു. ദൈവത്തെ അനുസരിക്കുന്നവന് ഒരു നന്മയ്ക്കും മുടക്കം വരുകയില്ല. സുരക്ഷിതമായ ഒരു പുതിയജീവിതം ഫ്രഡിയ്ക്കായി ദൈവം ഒരുക്കി.

ദെമസ്ക്കോസിന്റെ പടിവാതിൽക്കൽ വച്ച് ശൗലേ, ശൗലേ നീ എന്നെ ഉപദ്രവിക്കുന്നതെന്ത് എന്ന ചോദ്യമാണ് ശൗലിനെ പൗലോസാക്കിമാറ്റിയതും ക്രിസ്തുവിലേക്കടുപ്പിച്ചതും ആർക്കുവേണ്ടി പ്രവർത്തിച്ചോ, അവരുടെ മുൻപിൽ തന്നെ ശ്കതമായി യേശു തന്നെ ക്രിസ്തു എന്ന് തെളിയിച്ചു. അവൻ ദൈവപുത്രനെന്ന് പള്ളികളിൽ പ്രസംഗിച്ചു. അതുമൂലം പല കഷ്ടങ്ങളും നഷ്ടങ്ങളും ഉണ്ടായി. റോമിലേക്കുള്ള യാത്രയിൽ കപ്പൽഛേദം ഉണ്ടാകുമെന്ന് ഭയക്കത്തക്കവിധം കാറ്റ്



പ്രതികുലമായി, എല്ലാം തകർന്ന് എന്ന് കരുതി നിരാശയിലാണ്ട സഹയാത്രികരോട് താൻ സേവിക്കുന്ന ദൈവം തന്നോട് സംസാരിച്ചു എന്ന് പറയുവാൻ ധൈര്യം ലഭിച്ചു. കപ്പൽ തകരും എന്നാൽ ആരുടെയും ജീവന് ഒന്നും സംഭവിക്കുകയില്ല എന്ന് പൗലോസ് പറഞ്ഞതുതന്നെ സംഭവിച്ചു. പൗലോസിന്റെ കരങ്ങളാൽ ദ്വീപുപ്രമാണിയായ പുബ്ളിയോസിനും മറ്റ് പലർക്കും ദൈവം സൗഖ്യം നൽകി. അതിനാൽ മടക്കയാത്രയിൽ ദ്വീപുവാസികൾ ഇവർക്ക് അനേക സമ്മാനങ്ങൾ നൽകി. കപ്പൽ ഛേദം മൂലമുണ്ടായ നഷ്ടം ദൈവം ലാഭമാക്കി. നമ്മുടെ താല്ക്കാലിക നഷ്ടത്തെ ലാഭമാക്കുന്നവനാണ് ക്രിസ്തു, അവൻ നമ്മെ നടത്തും. അവനിൽ തന്നെ ആശ്രയിക്കുക.

"Feel God in every gentle touch,
See God in every happy face ,
Hear God in every caring word,
Receive God's blessings every day in your life"

Motivational words of wisdom.com

പ്രാർത്ഥന

യഹോവേ ! നിന്നെ അന്വേഷിക്കുന്നവരെ നീ ഉപക്ഷിക്കുകയില്ല എന്ന് തന്ന വാഗ്ദത്തത്തിനായി സ്തോത്രം. ലോകം തരുന്ന പദവികളാൽ ലഭിക്കുന്ന നന്മകളേക്കാൾ, അത്യത്തമായി സകലത്തിലും അനുഗ്രഹിക്കുന്ന അങ്ങയെ അനുസരിച്ച് ജീവിപ്പാൻ കൃപ ചെയ്യേണമേ.

ആമേൻ .

Santhamma Varghese

Website: www.biblestudy.co.in

Email: biblestudy.co.in@gmail.com

Facebook: https://www.facebook.com/biblestudyind